**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 875** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മാവേലിക്കര മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകൾക്ക് കിഫ്ബി ധനസഹായം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മാവേലിക്കര മണ്ഡലത്തിലെ മാങ്കാംകുഴി മത്സ്യമാർക്കറ്റിന് കിഫ്ബി പദ്ധതിയിൽ ധനസഹായം അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>മറുപടി:</u>** മാവേലിക്കര മണ്ഡലത്തിലെ മാങ്കാംകുഴി മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി 176.129 ലക്ഷം രൂപയുടെ ധനാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിരുന്നു. പ്രസ്തുത മത്സ്യമാർക്കറ്റ് നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്.

**(ബി)** മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം മത്സ്യമാർക്കറ്റിന്റെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ തുക അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

**<u>മറുപടി:</u>** മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി 227.52 ലക്ഷം രൂപയുടെ ധനാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിരുന്നു. പ്രസ്തുത പദ്ധതിയുടെ ദർഘാസ് നടപടി പൂർത്തീകരിച്ച് 05.11.2025 ൽ കരാറിൽ ഏർപ്പെട്ടിരിക്കെ മത്സ്യമാർക്കറ്റിന്റെ പ്ലാൻ അംഗീകാരത്തിനായി പഞ്ചായത്തിൽ സമർപ്പിച്ചെങ്കിലും, മാർക്കറ്റിന് ചുറ്റുമായി 3 മീറ്റർ/ 5 മീറ്റർ വീതിയിലുള്ള വഴി പര്യാപ്തമല്ലെന്നും, എല്ലാ വശങ്ങളിലും 5 മീറ്റർ വീതിയിലുള്ള വഴി ഉൾപ്പെടുത്തിയിട്ടില്ലെന്നുമുള്ള കാരണത്താൽ, അംഗീകാരം ലഭിച്ചില്ല. തുടർന്ന് പഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം കെട്ടിടത്തിന്റെ വലിപ്പം കുറച്ച് ചുറ്റുമായി 5 മീറ്റർ വീതിയിൽ വഴി ഉൾപ്പെടുത്തി പുതുക്കിയ പ്ലാൻ പഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**